

# സംസ്ഥാന വിജിലൻസ് കമ്മിഷൻ രൂപീകരിക്കാൻ ശുപാർശ

## ഭരണപരിഷ്കാര കമ്മിഷന്റെ ആദ്യ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് വിഎസ് കൈമാറി

തിരുവനന്തപുരം● കേന്ദ്ര വിജിലൻസ് കമ്മിഷൻ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമ്മിഷൻ രൂപീകരിക്കണമെന്നു ശുപാർശ ചെയ്യുന്ന ഭരണപരിഷ്കാര കമ്മിഷന്റെ ആദ്യ റിപ്പോർട്ട് അധ്യക്ഷൻ വി.എസ്.അച്യുതാനന്ദൻ മുഖ്യമന്ത്രി പിണറായി വിജയനു കൈമാറി.

കമ്മിഷനൊപ്പം വിജിലൻസ് ഡയറക്ടറേറ്റും രൂപീകരിക്കണമെന്നാണു നിർദേശം. ഹൈക്കോടതിയുടെ സിറ്റിങ് ജഡ്ജിയോ, വിരമിച്ച ജഡ്ജിയോ സംസ്ഥാന വിജിലൻസ് കമ്മിഷണറാകണം. ഒപ്പം, രണ്ടു വിജിലൻസ് കമ്മിഷണർമാരും. ചീഫ് സെക്രട്ടറിയായി ഭരണപരിചയമുള്ള ഒരാളും കുറ്റാന്വേഷണ രംഗത്തു ഡിജിപി-എഡിജിപി പദവിയിൽ പ്രവർത്തന പരിചയമുള്ള ആളുമാകണം കമ്മിഷണർമാർ.

### പ്രധാന ശുപാർശകൾ

- സത്യസന്ധരായ ഉദ്യോഗസ്ഥരെ കള്ളക്കേസിൽ പെടുത്തുന്നത് ഒഴിവാക്കാൻ കള്ളപ്പരാതിക്കാരെ ശിക്ഷിക്കണം.
- നിലവിലെ വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ കമ്മിഷന്റെ മേൽനോട്ടത്തിലുള്ള സ്റ്റേറ്റ് വിജിലൻസ് പൊലീസ് സംവിധാനമായി മാറണം.